(ബി) ഭരണപരമായ സൗകര്യം കണക്കിലെടുത്ത് നെടുമ്പന കൃഷി ഭവനെ ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽപ്പെട്ട ഇരവിപുരം കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ പരിധിയിലും, പൂയപ്പള്ളി കൃഷി ഭവനെ ചാത്തന്നൂർ കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ പരിധിയിലും ഉൾപ്പെടുത്തി ഉത്തരവാകുവാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. ഈ വിഷയം പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

കൃഷിനാശം സംഭവിച്ചവർക്കുള്ള നഷ്ടപരിഹാരത്തുക

268 (1709) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രകൃതിക്ഷോഭത്തിൽ കൃഷിനാശം സംഭവിച്ചവർക്ക് നല്കിവരുന്ന നഷ്ടപരിഹാരത്തുക വെട്ടിക്കുറച്ചുകൊണ്ട് കേന്ദ്ര സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചകാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ഇക വെട്ടിക്കുറച്ചത് കർഷകർക്ക് ആശ്വാസകരമല്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രകൃതിക്ഷോഭത്തിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് വെട്ടിക്കുറച്ച ഇകയ്ക്കു പുറമേ അധിക ഇക നൽകുന്നതിന് സംസ്ഥാന സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ ആയതിന്മേൽ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ഡി) ഡിസാസ്റ്റർ മാനേജ്മെന്റ് (റവന്യൂ കെ) വകുപ്പിന്റെ 11-6-2012-ലെ സ.ഉ.(എംഎസ്.) നമ്പർ 239/2012/ഡി.എം.ഡി. ഉത്തരവ് പ്രകാരം 1-4-2012 മുതൽ പ്രാബല്യത്തിൽ നിശ്ചയിച്ചിരുന്ന പ്രകാരമാണ് പ്രകൃതിക്ഷോഭംമൂലമുള്ള കൃഷിനാശത്തിന് ധനസഹായം നൽകി വന്നിരുന്നത്. കാലാകാലങ്ങളിൽ കേന്ദ്രസർക്കാർ നിർണ്ണയിക്കുന്ന മാനദണ്ഡങ്ങൾ അനുസരിച്ചാണ് സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ (SDRF)-നിന്ന് ധനസഹായം നൽകുന്നത്. SDRF മാനദണ്ഡം കേന്ദ്ര സർക്കാർ പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ 16-1-2012 മുതൽ പ്രാബല്യത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

പുറപ്പെടുവിച്ച 12-9-2012-ലെ ജി.ഒ.(എംഎസ്.) നമ്പർ 343/2012/ഡി.എം.ഡി. ഉത്തരവിന്റെ പരിധിയിൽ നിന്ന് സ.ഉ.(എംഎസ്.) നമ്പർ 239/2012/ഡി.എം.ഡി. ഉത്തരവ് പ്രകാരം ധനസഹായം നിശ്ചയിച്ചിരുന്ന വിളകളെ ഒഴിവാക്കിയിരുന്നതിനാൽ പ്രസ്തുത ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടുള്ള വിളകൾക്ക് ആയതുപ്രകാരം നിശ്ചയിച്ചിട്ടുള്ള ധനസഹായം ലഭിക്കുമായിരുന്നു. എന്നാൽ SDRF മാനദണ്ഡം കേന്ദ്രസർക്കാർ വീണ്ടും പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ 1-3-2013 മുതൽ പ്രാബല്യത്തിൽ പുറപ്പെടുവിച്ച 25-10-2013-ലെ ജി.ഒ.(എംഎസ്.) നമ്പർ 470/2013/ഡി.എം.ഡി. ഉത്തരവിൽ മേല്പറഞ്ഞ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ കർഷകർക്കു ലഭിക്കുന്ന ധനസഹായത്തിൽ കുറവ് വന്നിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

ഗ്ലോബൽ അഗ്രോമീറ്റിന്റെ ചെലവ്

269 (1710) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്ലോബൽ അഗ്രോ മീറ്റ് സംഘടിപ്പിക്കുന്നതിന് മൊത്തം പ്രതീക്ഷിച്ച ചെലവ് എത്രയെന്നും ചെലവായതെത്രയെന്നും വെളിപ്പെടുത്തുമോ ;

(ബി) ഇതിനായുള്ള ചെലവ് കൃഷി വകുപ്പിന്റെ ഏതെല്ലാം ഹെഡ്ഡുകളിൽനിന്ന് എത്ര വീതമാണെന്നു വെളിപ്പെടുത്തുമോ ;

(സി) ചെലവുകൾ പ്രധാനമായും ഏതെല്ലാം ഇനങ്ങളിലായിരുന്നുവെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഗ്ലോബൽ അഗ്രോമീറ്റ് സംഘടിപ്പിക്കുന്നതിന് മൊത്തം പ്രതീക്ഷിച്ച ചെലവ് 205 ലക്ഷം രൂപയും ആകെ ചെലവായ തുക 219.62 ലക്ഷം രൂപയുമാണ്.

(ബി) 1. സർക്കാർ ഉത്തരവ് നമ്പർ 1236/2014/AD തീയതി 19-7-2014 പ്രകാരം 2401-001-87 (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽനിന്ന് 25 ലക്ഷം രൂപയും.

2. സർക്കാർ ഉത്തരവ് നമ്പർ 1856/2014/AD തീയതി 10-10-2014 പ്രകാരം

LIBRARY ARCHIVES Kerala Legislative Assembly